പറമ്പിക്കുളം-ആളിയാർ നദീജല കരാർ

59 [833] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, വി. ചെന്താമരാക്ഷൻ :

,, എ. കെ. ബാലൻ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിൽ ഏറ്റവും ഒടുവിൽ നടത്തിയ മന്ത്രിതല ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ചർച്ചയിൽ എന്തെല്ലാം സംഗതികളിൽ ധാരണയിലെത്താൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ആനമലയാർ പദ്ധതിയിൽനിന്ന് കേരളം ജലം വിട്ടുനൽകണമെന്ന തമിഴ്നാടിന്റെ ആവശ്യം കേരളം സമ്മതിക്കുകയുണ്ടായോ ; ഇക്കാര്യത്തിൽ ഇതിനകം നടന്ന ഏതെങ്കിലും ചർച്ചയിൽ കേരള ജലസേചന വകുപ്പുമന്ത്രി എന്തെങ്കിലും ഉറപ്പ് തമിഴ്നാട് സർക്കാരിന് നൽകിയിട്ടുണ്ടായിരുന്നോ ;

(ഡി) കരാർ പ്രകാരം കേരളത്തിന് തമിഴ്നാട് നൽകേണ്ടുന്ന വെള്ളം കിട്ടിയിട്ടുണ്ടോ ; കേരളത്തിന്റെ ഉത്തമതാൽപര്യം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) പി. എ. പി. കരാർ പുനരവലോകനം സംബന്ധിച്ച് കേരളവും തമിഴ്നാടും ഏറ്റവും ഒടുവിൽ മന്ത്രിതല ചർച്ചകൾ നടത്തിയത് 27-11-2004-ലാണ്. പ്രസ്തുത ചർച്ചയിൽ, ഇരു സംസ്ഥാനങ്ങളും നടത്തിയ സംയുക്ത ഗേജിംഗിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകരിക്കപ്പെട്ട യഥാർത്ഥ വാർഷിക ജലലഭ്യതയ്ക്കനുസൃതമായ വിഹിതം (ഓരോ സബ് ബേസിനിലും) കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ ജലം പങ്കുവയ്ക്കുന്നതിനെ സംബന്ധിച്ച് ഒരു അഭിപ്രായ സമന്വയത്തിലെത്തിച്ചേരാൻ ഇരു സംസ്ഥാനങ്ങൾക്കും സാധിച്ചിട്ടില്ല.

(ബി) ചർച്ചയിൽ ജലം പങ്കുവയ്ക്കുന്നതിനെ സംബന്ധിച്ച് ഒരു ധാരണയിൽ എത്തിച്ചേരാൻ ഇരു സംസ്ഥാനങ്ങൾക്കും സാധിച്ചിട്ടില്ല.

(സി) കേരളത്തിന്റെ ഇടമലയാർ പദ്ധതി പൂർത്തിയായശേഷം ആനമലയാറിൽ നിന്നും 2.5 ടി. എം. സി. അടി ജലം തമിഴ്നാട്ടിലേക്ക് തിരിച്ച് വിടാൻ നിലവിലുള്ള പറമ്പിക്കുളം-ആളിയാർ കരാറിൽ വ്യവസ്ഥയുണ്ട്. ഇത് എങ്ങിനെ എപ്പോൾ വിട്ടുകൊടുക്കാമെന്നതിനെക്കുറിച്ച് വ്യക്തമായ ഉറപ്പുകളൊന്നും ഒരു മീറ്റിംഗിലും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി ഇല്ല. ഓരോ ബേസിനിലും സംയുക്ത ഗേജിന്റ അടിസ്ഥാനത്തിൽ സ്ഥിരീകരിക്കപ്പെട്ട യഥാർത്ഥ ജലലഭ്യതയുടെ വിഹിതം ലഭ്യമാക്കണമെന്ന് എല്ലാ ഉദ്യോഗസ്ഥതല, മന്ത്രിതല, മുഖ്യമന്ത്രിതല ചർച്ചകളിലും കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ സംയുക്ത റിപ്പോർട്ടിലും കേരളം ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ കേരള ഷോളയാറൊഴികെ മറ്റു ഡാമുകളുടെയെല്ലാം നിയന്ത്രണം തമിഴ്നാടിനായതിനാൽ ഉഭയചർച്ചകളിലൂടെ ഉടമ്പടിയുടെ പുനരവലോകനം പൂർത്തിയാക്കി കൂടുതൽ ജല വിഹിതം നേടിയെടുക്കാനാണ് ഇപ്പോൾ സർക്കാർ ശ്രമിച്ചുവരുന്നത്.

ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റ്

60 [834] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-9-2003-ൽ നിലവിൽ വന്ന ടെലികമ്മ്യൂണിക്കേഷൻ കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഇവിടെ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഒഴിവുകൾ ഉടൻ നികത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 340 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിൽ 29 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റ്

61 [835] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നു പറയാമോ ;

(ബി) പോലീസ് കോൺസ്റ്റബിൾമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ടെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly